**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മെട്രോപൊളിറ്റൻ ഏരിയയിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണവും അവരുടെ സംവരണസ്ഥാനങ്ങളും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.65/2025/LSGD തീയതി,തിരുവനന്തപുരം, 05-04-2025

---

പരാമർശം:- 04.04.2025 -ലെ സ.ഉ.(കൈ)നം. 19/2025/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം കൊച്ചി മെട്രോപൊളിറ്റൻ ഏരിയ സർക്കാർ പുനർ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 29 ഗ്രാമ പഞ്ചായത്തുകൾ, 9 മുനിസിപ്പാലിറ്റികൾ, 1 കോർപ്പറേഷൻ എന്നിവയാണ് കൊച്ചി മെട്രോപൊളിറ്റൻ ഏരിയയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത മെട്രോപൊളിറ്റൻ ഏരിയയ്ക്ക് വേണ്ടി രൂപീകരിക്കുന്ന കൊച്ചി മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേക്ക് (MPC) കൊച്ചി മെട്രോപൊളിറ്റൻ ഏരിയയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ കൗൺസിലർമാർ, മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർ എന്നീ വിഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം ജനസംഖ്യാനുപാതത്തിലും അവരുടെ സംവരണസ്ഥാനങ്ങളും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 54(2) (എ), 1995-ലെ കേരള മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗനടപടിക്രമവും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് ചുവടെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 54(2) (എ) പ്രകാരം ആകെ 10 അംഗങ്ങളെയാണ് മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കേണ്ടത്. പരാമർശ പ്രകാരമുള്ള കൊച്ചി മെട്രോപൊളിറ്റൻ ഏരിയയിൽ ഉൾപ്പെട്ടുവരുന്ന കൊച്ചി കോർപ്പറേഷനിലെ 74 വാർഡുകളെ 4 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതവും 9 മുനിസിപ്പാലിറ്റികളെ 2 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതവും 29 പഞ്ചായത്തുകളെ 4 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതവും ആകെ 10 അംഗങ്ങളെ ചുവടെ പറയും പ്രകാരം തിരഞ്ഞെടുക്കേണ്ടതാണ്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതം)

| വാർഡുകൾ | MPC-യിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം |
|---|---|
| 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 22, 23, 24, 25, 26, 27, 28 | 1 |
| 13, 14, 15, 16, 17, 18, 19, 20, 21, 29, 30, 50, 51, 58, 59, 60, 61, 56 | 1 |
| 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 68, 69, 70, 71, 72, 73, 74 | 1 |
| 42, 43, 44, 45, 46, 47, 48, 49, 52, 53, 54, 55, 57, 62, 63, 64, 65, 66, 67 | 1 |
| ആകെ | 4 |

മുനിസിപ്പാലിറ്റി (ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതം)

| മുനിസിപ്പാലിറ്റി | MPC-യിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം |
|---|---|
| മരട്, തൃക്കാക്കര, തൃപ്പൂണിത്തുറ | 1 |
| ആലുവ, അങ്കമാലി, കളമശ്ശേരി, പെരുമ്പാവൂർ, ഏലൂർ, പറവൂർ | 1 |
| ആകെ | 2 |

പഞ്ചായത്ത് (ഓരോ ഗ്രൂപ്പിൽ നിന്നും ഒരു അംഗം വീതം)

| പഞ്ചായത്ത് | MPC-യിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം |
|---|---|
| ചെല്ലാനം, കുമ്പളങ്ങി, കുമ്പളം, ഉദയംപേരൂർ, മുളന്തുരുത്തി, ചോറ്റാനിക്കര, വടവുകോട്-പുത്തൻകുരിശ് | 1 |
| എളങ്കുന്നപ്പുഴ, മുളവുകാട്, ഞാറയ്ക്കൽ, ചേരാനല്ലൂർ, കടമക്കുടി, നായരമ്പലം, വരാപ്പുഴ, ഏണിക്കര | 1 |
| എടവനക്കാട്, കുഴുപ്പിള്ളി, കോട്ടുവള്ളി, ആലങ്ങാട്, പള്ളിപ്പുറം, കടുങ്ങല്ലൂർ, | 1 |

| | |
|---|---|
| ചൂർണ്ണിക്കര | |
| കീഴ്മാട്, എടത്തല, വാഴക്കുളം, ശ്രീമൂലനഗരം, കാഞ്ഞൂർ, ചെങ്ങമനാട്, നെടുമ്പാശ്ശേരി | **1** |
| ആകെ | **4** |

**3.** മേൽ പറഞ്ഞ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളും **5** പേർ സ്ത്രീകളും ആയിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
ജില്ല കളക്ടർ, എറണാകുളം
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (വകുപ്പ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ & ഇ), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ) -പ്രസിദ്ധീകരണത്തിന്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 05-04-2025 16:33:15

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. ക്ക്